

# ആത്മഹത്യാപ്രവണത കേരളത്തിൽ

Ref: Nammude Arogyam Feb 15 - March 14; Vol 1 Issue2; 2001. pages 9 - 14

സ്വയം ഹനന സ്വഭാവത്തിന് മനുഷ്യരാശിയോളം പഴക്കമുണ്ട്. എന്നാൽ കഴിഞ്ഞ ഏതാനും ശതാബ്ദങ്ങളിലെ പഠനങ്ങളാണ് ആത്മഹത്യ പ്രവണതയുടെ പരിമാണത്തിലേക്കും, മാനസികവും സാമൂഹികവും മറ്റുമായ പ്രേരക ഘടകങ്ങളിലേക്കും വെളിച്ചം വീശിയത്.

ഇന്ന് അനേകം വികസിത - വികസ്വര രാഷ്ട്രങ്ങളിൽ 15 നും 34 നു മിടയ്ക്ക് പ്രായമുള്ള പുരുഷന്മാരുടെ മരണങ്ങളിൽ 20 മുതൽ 40 ശതമാനം വരെയും ആത്മഹത്യയോ കൊലപാതകമോ ആണ്. ആത്മഹത്യയെ, തന്നിൽ നിന്നും ലോകത്തിൽ നിന്നും ഓടിയൊളിക്കാനുള്ള ആത്യന്തിക മാർഗ്ഗമായി പലരും തെരഞ്ഞെടുക്കുന്നു - നിരാശയുടെ, നിർഭാഗ്യത്തിന്റെ, പ്രതീക്ഷയില്ലായ്മയുടെ പ്രശ്നങ്ങൾക്ക് ഏക പോംവഴിയായി ! ഇവരിൽ പകുതിപ്പേരും ഇതിനു മുമ്പ് ആത്മഹത്യക്കുവേണ്ടി ബോധപൂർവ്വം ശ്രമിച്ചിട്ടുള്ളവരായിരിക്കും; 20 - 25 ശതമാനത്തോളം പേരും മരണത്തിന് ഒരു വർഷം മുമ്പുവരെയുള്ള കാലയളവിൽ ഒരു ആത്മഹത്യ ശ്രമമെങ്കിലും നടത്തിയിട്ടുണ്ടാകാം.

**ആത്മഹത്യ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ**

നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ (എൻ.സി.ആർ.ബി.) 1967 മുതൽ അപകടങ്ങളുടെയും ആത്മഹത്യകളുടെയും സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചുവരുന്നു. ഈ കാലയളവു മുതൽ ആത്മഹത്യ നിരക്കിൽ ക്രമാനുഗതമായ വർദ്ധനവ് രേഖപ്പെടുത്തിക്കാണുന്നു. 1970-കളിൽ ആത്മഹത്യ നിരക്ക് ഒരു ലക്ഷത്തിൽ 6 മുതൽ 9 വരെയായിരുന്നു. 80 കളിൽ ഇത് ഒരു ലക്ഷത്തിന് 12-ഉം, 90 കളുടെ തുടക്കത്തിൽ ഒരു ലക്ഷത്തിന് 9.73 ഉം, 1997-ൽ 10.03 ഉം ആയി . ഉയർന്ന ആത്മഹത്യാ പ്രവണതയുള്ള സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്തു നിൽക്കുന്നു. 1995-ൽ കേരളത്തിലെ ആത്മഹത്യാ നിരക്ക് ഒരു ലക്ഷത്തിന് 25.3-ഉം ആയിരുന്നു. ( ഈ സമയം ദേശീയ ശരാശരി ഒരുലക്ഷത്തിന് 18.8 ആയിരുന്നെന്നോർക്കുക)

**കേരളത്തിൽ എന്തുകൊണ്ട് ?**

സാക്ഷരതയിലും സാങ്കേതിക വൈദഗ്ധ്യത്തിലും കേരളം വളരെ മുന്നിലാണ്. സ്ഥിതിവിവര കണക്കുകൾ അനുസരിച്ച് ആരോഗ്യനിലവാരവും വളരെ മെച്ചപ്പെട്ടതാണ്. എന്നാൽ ആരോഗ്യ സംബന്ധമായ പ്രശ്നങ്ങളിൽ നിന്ന് കേരളവും വിമുക്തമല്ല. സാമൂഹികമായ ഒറ്റപ്പെടലും, മാനസിക സംഘർഷങ്ങളുമാണ് ഇവയിൽ പ്രധാനം.





ഡോ. എലിസബത്ത് വടക്കേക്കര
(ചൈൽഡ് സൈക്യാട്രിസ്റ്റ്)

ടി.എസ്. അരുൺ കുമാർ
(ക്ലിനിക്കൽ സൈക്കോളജിസ്റ്റ്)

ത്രാണി, സെന്റർ ഫോർ ക്രൈസിസ് കൺട്രോൾ,
തിരുവനന്തപുരം.

to read more>> see reference